## എട്ടാമദ്ധ്യായം

# സമരത്തിന്റെ പുതിയപഥങ്ങൾ

### 1. ക്ലബ്ബുകൾക്ക് ബാർ ലൈസൻസ്

മട്ടാഞ്ചേരി സത്യാഗ്രഹത്തിന്റേയും പാളയം സത്യാഗ്രഹത്തിന്റേയും ഫലമായുണ്ടായ ഉന്നതാധികാരസമിതിയുടെ പ്രവർത്തനം ഒരു വൃഥാ വ്യായാമമായിത്തീർന്ന കഥ കണ്ടതാണല്ലോ. മദ്യനിരോധനം നടപ്പിലാക്കാൻ സർക്കാരിന് ആകാംക്ഷയുണ്ടെന്ന (ഐക്യജനാധിപത്യമുന്നണി മന്ത്രിസഭയുടെ) ഉറപ്പു മാത്രമാണു ബാക്കിനിന്നത്. ആലുവാ പ്രഖ്യാപനത്തിലെ പ്രതിജ്ഞ നിറവേറ്റാൻ ഇതിന്റെ അടിസ്ഥാനത്തിൽ ഒരു പ്രക്ഷോഭണം സംഘടിപ്പിക്കാനുള്ള സന്ദർഭം 1991 ആദ്യം വന്നുചെർന്നു. അപ്രതീക്ഷിതമായുണ്ടായ നിയമസഭാ തെരഞ്ഞെടുപ്പ് ആയിരുന്നു ഇത്. ആ തെരഞ്ഞെടുപ്പിൽ മന്ത്രി ടി. കെ. രാമകൃഷ്ണൻ ജയിച്ചെങ്കിലും അദ്ദേഹം ഉൾപ്പെട്ട ഇടതുമുന്നണി പരാജയപ്പെട്ട കാര്യം സൂചിപ്പിച്ചിരുന്നുവല്ലോ. ഈ മന്ത്രിസഭ തികച്ചും ജനദ്രോഹകരമായ ഒരു മദ്യനയമാണു തുടർന്നിരുന്നത്. അവരുടെ കരിനിയമത്തെക്കുറിച്ചു മുൻപു പ്രസ്താവിച്ചിട്ടുണ്ട്. ഒടുവിൽ 1991 ഫെബ്രുവരിയിൽ അടുത്ത വർഷത്തെ മദ്യനയം പ്രഖ്യാപിച്ചപ്പോൾ ക്ലബ്ബുകൾക്കു ബാർ ലൈസൻസു നൽകുന്നതിനുള്ള തീരുമാനവും സർക്കാർ അതിൽ ഉൾപ്പെടുത്തിയിരുന്നു. മദ്യനിരോധനസമിതി ജില്ലാ ആസ്ഥാനങ്ങളിൽ ഏപ്രിൽ ആദ്യം ഉപവാസം സംഘടിപ്പിച്ചു. ഏപ്രിൽ 1 മുതൽ ഓരോ ജില്ലയിലും ഒരു പ്രമുഖ ജില്ലാ നേതാവ് അനിശ്ചിതകാല ഉപവാസം നടത്തണമെന്നായിരുന്നു തീരുമാനം. 9 ജില്ലകളിൽ ഈ പരിപാടി 4 ദിവസം ആവേശപൂർവ്വം സംഘടിപ്പിച്ചു. കണ്ണൂർ മുതൽ തിരുവനന്തപുരം വരെ പര്യടനം നടത്തി എല്ലാ സത്യാഗ്രഹിളേയും

സന്ദർശിച്ചശേഷം പ്രൊഫ. എം. പി. മന്മഥനും പ്രൊഫ. ജി. കുമരപിള്ള യും 4-ാം തിയ്യതി വൈകുന്നേരം മുഖ്യമന്ത്രിയെ കണ്ടു നിവേദനം നടത്തി. പ്രതികരണം നിഷേധാത്മകമായിരുന്നുവെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. അപ്പോൾ ഉപവാസം അവസാനിപ്പിച്ചു. മാത്യു എം.കണ്ടത്തിൽ (കണ്ണൂർ കലക്ടറേറ്റ്), ഇയ്യാച്ചേരി കുഞ്ഞിക്കൃഷ്ണൻ, ഇ.എൻ. ദേവകി (ആർ. ഡി. ഓഫീസ്, കോഴിക്കോട്) ടി. ഒ. ജോർജ് (തൃശ്ശൂർ തേക്കിൻകാട്), സെബി. കെ ഫിലിപ്പോസ് (എറണാകുളം പഴയ കലക്ടറേറ്റ്) പി. കെ. സോമൻ (എക്സൈസ് റേഞ്ച് ഓഫീസ്, അടിമാലി, ഇടുക്കി) ജയപ്രകാശ് നാരായണൻ (കോട്ടയം തിരുനക്കര ഗാന്ധി പ്രതിമ), ടി. എൻ. നാണുനായർ (പത്തനംതിട്ട കലക്ടറേറ്റ്), ജി. വാസുദേവൻ നായർ, സി. വൈ. ഡാനിയൽ (കൊല്ലം കലക്ടറേറ്റ്) കാഞ്ഞിരംകുളം സുരേന്ദ്രൻ (തിരുവനന്തപുരം സെക്രട്ടേറിയറ്റ്) എന്നിവരാണ് ഉപവാസം അനുഷ്ഠിച്ചത്.

## 2. മന്ത്രി ടി. കെ. രാമകൃഷ്ണന് എതിരേ

ഇതിനകം നിയമസഭ പിരിച്ചിവിട്ടു പുതിയ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചിരുന്നു. മദ്യനിരോധനം സംബന്ധിച്ച നിലപാടു വ്യക്തമാക്കാൻ എല്ലാ കക്ഷികളോടും മദ്യനിരോധന സമിതി ആവശ്യപ്പെട്ടു. കോൺഗ്രസ്സ് നേതൃത്വത്തിലുള്ള ഐക്യജനാധിപത്യമുന്നണി ഘട്ടംഘട്ടമായ മദ്യനിരോധനം പ്രകടനപത്രികയിൽ ഉൾപ്പെടുത്തി. ഇടതുമുന്നണി അതിനു തയ്യാറായില്ല. അവരുടെ പ്രവർത്തന പശ്ചാത്തലം പരിഗണിച്ചാൽ മറിച്ചൊരു നിലപാട് അസാദ്ധ്യവുമായിരുന്നു. ഈ സാഹചര്യത്തിലാണ് ടി.കെ.രാമകൃഷ്ണനെതിരെ കോട്ടയത്ത് പ്രചരണം സംഘടിപ്പിച്ചത്. തിരുനക്കരയിൽ ആപ്പീസ് തുറന്നു ദീർഘവും വിപുലവും തീവ്രവുമായ പ്രചരണം നടത്തുമ്പോൾ ഭീഷണികളെയും കൈയേറ്റശ്രമങ്ങളെയും നേരിടേണ്ടി വന്നു. കുറഞ്ഞ ഭൂരിപക്ഷത്തോടെ അദ്ദേഹം ജയിച്ചെങ്കിലും ഇടതുമുന്നണി തോൽക്കുകയും കെ.കരുണാകരൻ മുഖ്യമന്ത്രിയായുള്ള ഐക്യജനാധിപത്യ മുന്നണി മന്ത്രിസഭ 4-6-1991-ൽ അധികാരത്തിൽ വരികയും ചെയ്തു. ഇതു പ്രവർത്തകരിൽ പ്രതീക്ഷ ഉണർത്തി. പക്ഷേ കാര്യങ്ങൾ പ്രതീക്ഷക്കനുസരിച്ചു നീങ്ങിയില്ല. ക്ലബ്ബുകൾക്ക് ബാർ ലൈസൻസ് നൽകേണ്ടെന്ന് തീരുമാനിച്ചെങ്കിലും "വിദ്യാലയത്തേക്കാൾ ദേവാലയത്തേ

ക്കാൾ മദ്യാലയത്തിന് സ്ഥാനമേകി"ക്കൊണ്ട് നായനാർ സർക്കാർ ഏർപ്പെടുത്തിയ കരിനിയമം റദ്ദാക്കാൻ പോലും പുതിയ സർക്കാർ താല്പര്യം കാണിച്ചില്ല.

## 3. പുതിയ മുഖ്യമന്ത്രിക്ക് നിവേദനം

ഇതിൽ അമർഷംപൂണ്ട കേരളമദ്യനിരോധനസമിതി പ്രതിനിധികളുടെയും വിവിധ മതാദ്ധ്യക്ഷന്മാർ, സമുദായനേതാക്കന്മാർ എന്നിവരുടെയും സംയുക്ത യോഗം പ്രശ്നം ചർച്ച ചെയ്ത് മുഖ്യമന്ത്രിക്ക് നിവേദനം നൽകുവാൻ നിശ്ചയിച്ചു. ഘട്ടംഘട്ടമായി 5 വർഷം കൊണ്ട് സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കണമെന്നും അതിന്റെ മുന്നോടിയായി എക്സൈസ് നിയമങ്ങൾ കർശനമായും പാലിക്കണമെന്നും വിദ്യാലയങ്ങൾക്കും ദേവാലയങ്ങൾക്കും 400 വാരക്കുള്ളിൽ മദ്യശാലകൾ തുറക്കാൻ അനുവദിക്കുന്ന കരിനിയമം റദ്ദാക്കണമെന്നും മറ്റും ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം സെപ്തംബർ 16-ാം തിയ്യതി മുഖ്യമന്ത്രിക്ക് കൊടുത്തു. കരിനിയമം റദ്ദ് ചെയ്യാമെന്നും അനധികൃതഷാപ്പുകൾ പൂട്ടാമെന്നും അബ്കാരി നിയമലംഘനത്തെ കർശനമായി നേരിടാമെന്നും മുഖ്യമന്ത്രി ഉറപ്പു നല്കി. നിവേദക സംഘത്തിൽ മദ്യനിരോധന സമിതിയിൽ നിന്നുള്ള പ്രൊഫ: എം.പി.മന്മഥൻ, പ്രൊഫ: ജി.കുമാരപിള്ള, ജയപ്രകാശ് നാരായണൻ എന്നിവരെ കൂടാതെ ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് (കത്തോലിക്കാ ബിഷപ്പ്സ് കോൺഫ്രൻസ്) ഫാ. ജി. കോലത്ത് (സംയുക്ത ക്രൈസ്തവ മദ്യവർജ്ജന സമിതി) കെ.കെ. വിശ്വനാഥൻ (എസ്.എൻ.ഡി.പി.) ടി.എൻ. ഉപേദന്ദ്രനാഥക്കുറുപ്പ് (എൻ.എസ്.എസ്) ഡി.രാമചന്ദ്രൻപോറ്റി (സർവോദയമണ്ഡലം) എന്നിവരുമുണ്ടായിരുന്നു.

## 4. സംസ്ഥാന ജാഥ

മുഖ്യമന്ത്രിയുടെ വാഗ്ദാനം അനുസരിച്ച് സർക്കാർ ചില നടപടികൾ എടുക്കുകയും ചെയ്തു. എന്നാൽ അടിസ്ഥാന പ്രശ്നപരിഹാരത്തിന് ജനശക്തി ഉണർത്തേണ്ടതുണ്ടെന്ന ബോധത്താൽ ഒരു സംസ്ഥാനതല പ്രചരണ ജാഥ നടത്തുവാൻ കേരള മദ്യനിരോധനസമിതി തീരുമാനിച്ചു. 1992 ജനുവരി 31—ാം തിയ്യതി കാസർഗോഡു നിന്ന് ആരംഭിച്ച് മാർച്ച് 10—ാം തിയ്യതി തിരുവനന്തപുരത്തു സമാപിച്ച 40 ദിവസത്തെ

വാഹനജാഥക്ക് 14 ജില്ലകളിലായി 1200 സ്ഥലങ്ങളിൽ സ്വീകരണം ലഭിച്ചു. പ്രസിഡണ്ട് പ്രൊഫ: എം.പി. മന്മഥൻ, ജനറൽ സെക്രട്ടറി ജയപ്രകാശ് നാരായണൻ, സെക്രട്ടറി മാത്യു എം. കണ്ടത്തിൽ എന്നിവർ ആദ്യന്തം ജാഥക്ക് നേതൃത്വം നൽകി. വൈസ്പ്രസിഡണ്ടുമാരായ പ്രൊഫ. ജി.കുമാരപിള്ള, ഫാ. തോമസ് തൈത്തോട്ടം, ഐ.എം. വേലായുധനൻ എന്നിവർ പല ദിവസവും ജാഥക്കൊപ്പം ഉണ്ടായിരുന്നു. മാർച്ച് 10-ാം തിയ്യതി ഒരു വൻപിച്ച റാലിയുടെ അവസാനത്തിൽ തിരുവനന്തപുരം ഗാന്ധിപാർക്കിൽ നടന്ന സമാപനസമ്മേളനം ആർച്ച് ബിഷപ്പ് ബെനഡിക്ട് മാർ ഗ്രിഗോറിയോസ് ഉൽഘാടനം ചെയ്തു. അദ്ധ്യക്ഷൻ പ്രൊ. എം.പി.മന്മഥൻ, ഐ.കെ. കുമാരൻ മാസ്റ്റർ, മൊത്രാൻ എം. സുസാപാക്യം, എൻ.എസ്. എസ്. ജനറൽ സെക്രട്ടറി പി.കെ. നാരായണപണിക്കർ, ഗാന്ധി സ്മാരകനിധി ചെയർമാൻ കെ. ജനാർദ്ദനൻപിള്ള, എം.ഇ.എസ്. ജനറൽ സെക്രട്ടറി കെ.കെ. അബുബക്കർ, ഗുരുധർമ്മ പ്രചാരണസഭാ റജിസ്ട്രാർ ആർ.സലീംകുമാർ, പ്രൊഫ. ജി.കുമാരപിള്ള, ജയപ്രകാശ് നാരായണൻ തുടങ്ങിയവർ സദസ്സിനെ അഭിസംബോധന ചെയ്തു. സമ്മേളനം അംഗീകരിച്ച പ്രമേയത്തിൽ മാർച്ച് 31-നകം മദ്യനിരോധനവാഗ്ദാനം നടപ്പിലാക്കുവാനുള്ള നടപടികൾ സർക്കാർ ആരംഭിച്ചില്ലെങ്കിൽ പ്രത്യക്ഷസമരം അനിവാര്യമാണെന്ന് മുന്നറിയിപ്പ് നൽകി.

## 5. ഒന്നാം ഹജൂർ സത്യാഗ്രഹം

സർക്കാരിന്റെ ഭാഗത്തുനിന്നും അനുകൂലമായ പ്രതികരണം ഉണ്ടാകായ്കയാൽ സമരത്തിന്റെ മുന്നോടിയായി മാർച്ച് 31-ാം തിയ്യതി കാലത്ത് 7 മുതൽ വൈകുന്നേരം 5-45 വരെ പ്രൊഫ. എം.പി. മന്മഥൻ ഉപവസിച്ചു. ഐ.കെ. കുമാരൻ മാസ്റ്റർ, പ്രൊഫ. ജി.കുമാരപിള്ള, ഫാ. സേവ്യർ വെള്ളാരംകാട്ടിൽ (ഇടുക്കി) പി. അച്ചുതൻനായർ (തൃശൂർ) എന്നിവരും ഉപവാസത്തിൽ പങ്കുകൊണ്ടു. കേരളത്തിലെ മറ്റു മുതിർന്ന മദ്യനിരോധനപ്രസ്ഥാന നേതാക്കളും ഹാജരായിരുന്നു. ഉപവാസം ധാരാളം സാധാരണ പ്രവർത്തകരേയും പൊതുജനങ്ങളേയും ആകർഷിച്ചു.

പക്ഷേ സർക്കാർ ഭാഗത്തുനിന്നും ഒരു നീക്കവും ഉണ്ടായില്ല. വിദ്യാലയങ്ങൾക്കും ദേവാലയങ്ങൾക്കും സമീപം പുതിയ ഷാപ്പുകൾ

അനുവദിച്ചില്ലെങ്കിലും തലേ വർഷം ഉണ്ടായിരുന്ന ഷാപ്പുകൾ അവിടെ ത്തന്നെ ഈ വർഷവും തുടരാൻ അനുവദിക്കുകയാണുണ്ടായത്. ഇതു മദ്യവിരുദ്ധപ്രവർത്തകരെ ചൊടിപ്പിച്ചു. ഇതിനെതിരെ അനേകം താക്കീതുകൾക്കു ശേഷം ആഗസ്റ്റ് 11, 12, 13 തിയ്യതികളിൽ ഒരു ജില്ലാ പ്രചരണ ജാഥ നടത്തി. 15-ാം തിയ്യതി സെക്രട്ടറിയേറ്റ് നടയിൽ സത്യാഗ്രഹം ആരംഭിച്ചു. പ്രൊഫ. എം. പി. മന്മഥന്റെയും ജയപ്രകാശ് നാരായണന്റെയും നേതൃത്വത്തിൽ നടന്ന ഈ സത്യാഗ്രഹം (ധർണ്ണ) സർക്കാർ നൽകിയ പുതിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ സെപ്തംബർ 3-ാം തിയ്യതി നിർത്തി വച്ചു. 28-9-1992 -ലെ സർക്കാർ ഉത്തരവുപ്രകാരം അടുത്ത സാമ്പത്തിക വർഷം മുതൽ (1993-94) ദൂരപരിധി ലംഘിച്ചുള്ള ഒരു ഷാപ്പും ഉണ്ടാവുകയില്ലെന്നു വ്യക്തമാക്കി. ഇതിനനുസരിച്ച് നിയമങ്ങളിൽ ഭേദഗതി നടത്തുകയും ചെയ്തു. ഇതു കേരള മദ്യനിരോധനസമിതിയുടെ ഒരു നേട്ടമായി പത്രങ്ങൾ കൊണ്ടാടി. ഇത് പ്രൊഫ. എം. പി. മന്മഥൻ പങ്കെടുത്ത ഒടുവിലത്തെയും പ്രൊഫ. ജി. കുമാരപിള്ള പങ്കെടുക്കാത്ത ആദ്യത്തെയും സംസ്ഥാനതലസത്യാഗ്രഹം ആയിരുന്നു.

## 6. പുതിയ പ്രശ്നങ്ങൾ

ലൈസൻസില്ലാത്ത അനധികൃതശാപ്പുകൾ അടപ്പിക്കുന്ന കാര്യത്തിൽ ഇതേ തുടർന്നു മുഖ്യമന്ത്രി കെ. കരുണാകരൻ കുറച്ചുകാലം വ്യക്തിപരമായ ശുഷ്കാന്തി കാണിച്ചു. എന്നാൽ ഇതിനിടയിൽ മൂന്നു പ്രശ്നങ്ങൾ പൊന്തിവന്നു. ഒന്നാമത്തേതു ബാർ ഹോട്ടലുകളുടെ കാര്യമാണ്. ബാർ ഹോട്ടലുകൾ അനുവദിക്കുകയില്ലെന്ന് 1992 ജനുവരി 9 ന് ഉത്തരവ് ഇറക്കിയ സർക്കാർ വിനോദസഞ്ചാരത്തിന്റെ പേരിൽ ബാറുകൾ അനുവദിക്കുമെന്ന് 12-2-1992-ൽ മറ്റൊരു ഉത്തരവ് ഇറക്കി. ഇതു കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടെങ്കിലും ഖണ്ഡിതമായ വിധി ഉടനെ ഉണ്ടായില്ല. രണ്ടാമത്തേതു കണ്ണൂർ ജില്ലയിൽ അനുവദിച്ച ഡിസ്റ്റിലറിയാണ്. ഇതിന്റെ ലൈസൻസ് ഹൈക്കോടതി സ്റ്റേ ചെയ്തു. മൂന്നാമത്തേതു സ്പിരിറ്റ് കുംഭകോണമാണ്. കേരളത്തിലേക്ക് ഏതാനും വർഷങ്ങളായി വൻതോതിൽ (പാലക്കാട് വഴി) സ്പിരിറ്റ് കള്ളക്കടത്ത് നടന്നുവരുന്നതായും അത് ഉന്നതസ്ഥാനീയരായ അധികൃതരുടേയും രാഷ്ട്രീയക്കാരുടേയും ഒത്താശയോടുകൂടിയാണെന്നുമുള്ള സംഭ്രമജനകമായ വാർത്തകൾ 1992ഒക്ടോ

ബറിൽ വെളിയിൽ വന്നു. ഇതിനെക്കുറിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം വേണമെന്ന് കേരളമദ്യനിരോധനസമിതി സർക്കാരിനോട് ആവശ്യപ്പെട്ടു. നവംബർ 10-ാം തിയ്യതിക്കു മുൻപ് അന്വേഷണത്തിനുള്ള ഉത്തരവു കാണാത്തപക്ഷം പ്രത്യക്ഷസമരം ആരംഭിക്കും എന്നു താക്കീതു നൽകി. സർക്കാർ മൗനം പാലിച്ചു. ഡിസംബർ 16-ാം തിയ്യതി സത്യാഗ്രഹം തുടങ്ങാൻ സമിതി തിരുമാനിക്കുകയും ചെയ്തു. എന്നാൽ ഡിസംബർ 6-ാം തിയ്യതി അയോദ്ധ്യയിൽ നടന്ന നിർഭാഗ്യകരമായ ബാബറിമസ്ജിദ് സംഭവത്തെത്തുടർന്നുണ്ടായ ദേശീയപ്രതിസന്ധി കാരണം സമരം നീട്ടിവെച്ചു. സമരം പുനരാരംഭിക്കാനുള്ള നിശ്ചയം അറിയിച്ചുകൊണ്ട് കേരള മദ്യനിരോധനസമിതി പ്രസിഡന്റ് 19-1-1993 ൽ മുഖ്യമന്ത്രിക്ക് എഴുതി. സ്പിരിറ്റ് കുംഭകോണത്തെ കുറിച്ചുള്ള ജുഡീഷ്യൽ അന്വേഷണം കൂടാതെ മൂന്ന് ആവശ്യങ്ങൾ കൂടി കത്തിൽ ഉന്നയിച്ചിരുന്നു. 1. ദൂരപരിധി മദ്യശാലയുടെ അതിർത്തിമുതൽ ദേവാലയം, വിദ്യാലയം എന്നിവവരെയുള്ള നേർ ദൂരം എന്ന് നിജപ്പെടുത്തണം. 2. അനധികൃത മദ്യവില്പനസ്ഥലങ്ങൾക്കെതിരായുള്ള നടപടി കർശനമാക്കണം. 3. വിനോദസഞ്ചാരത്തിന്റേയും മറ്റും പേരിൽ ഒരു കാരണവശാലും പുതിയ മദ്യശാലകൾ അനുവദിക്കാൻ പാടില്ല. ഫെബ്രുവരി 10-നകം തൃപ്തികരമായ മറുപടി കിട്ടുന്നില്ലെങ്കിൽ 22-ാം തിയ്യതി സമരം ആരംഭിക്കുമെന്ന് മുന്നറിയിപ്പ് നൽകി. എന്നാൽ ഫെബ്രുവരി 17-ാംതിയ്യതി കൂടിയ മന്ത്രിസഭായോഗം ദൂരപരിധി സംബന്ധിച്ച ആവശ്യം അംഗീകരിക്കയാൽ തൽക്കാലം സമരം പിൻവലിച്ചു. പക്ഷേ ഈ തീരുമാനം കർശനമായി നടപ്പാക്കുന്നതിൽ സർക്കാർ വീണ്ടും പരാജയപ്പെട്ടു. 24-4-1993-ൽ കൂടിയ സംസ്ഥാനസമിതി ഓരോ ജില്ലയിലും നിയമം ലംഘിച്ചു നടത്തുന്ന ഷാപ്പുകൾക്കെതിരെ സമരം ആരംഭിക്കുവാൻ ജില്ലാ സമിതികളെ അധികാരപ്പെടുത്തി. ഇതനുസരിച്ച് പല ജില്ലകളിലും സമരങ്ങളുണ്ടായി.

## 7. ദൂരപരിധി: സംസ്ഥാനജാഥ

ദൂരപരിധി സംബന്ധിച്ച ചട്ടങ്ങൾ കർശനമാക്കാൻ സർക്കാർ നടത്തിയ ഭേദഗതികൾ 1993 ഏപ്രിലിലെ ലേലത്തോടെ കരാറുകാർ കോടതിയിൽ ചോദ്യം ചെയ്തു. അവരുടെ ഹർജി ഹൈക്കോടതി തള്ളിയെങ്കിലും സർക്കാരിനു സമ്മർദ്ദങ്ങളെ ചെറുത്തുനിൽക്കാൻ കഴിഞ്ഞില്ല.

അങ്ങനെ മദ്യനിരോധനസമിതി മറ്റൊരു പ്രചരണ സംരംഭത്തിലേക്കു നീങ്ങി. ദൂരപരിധി നിയമം വിശദീകരിക്കുന്നതിനും അനധികൃതഷാപ്പുകളുടെ പട്ടിക ശേഖരിക്കുന്നതിനും ഒരു സംസ്ഥാനജാഥ നടത്താൻ നിശ്ചയിച്ചു. 1993 ആഗസ്റ്റ് 14-ാം തിയ്യതി വടക്ക് കാസർഗോഡ് ആരംഭിച്ചു. താലൂക്ക് ആസ്ഥാനങ്ങളെ മാത്രം സ്പർശിച്ച് 23-ാം തിയ്യതി വൈകുന്നേരം തെക്കു പൊഴിയൂരിൽ സമാപിച്ച ജാഥയെ നയിച്ചതു ജനറൽ സെക്രട്ടറി ജയപ്രകാശ് നാരായണൻ ആയിരുന്നു. പൊഴിയൂരിൽ പ്രൊഫ.ജി.കുമാരപിള്ളയും സന്നിഹിതനായിരുന്നു. ഇതേതുടർന്നു വിവിധ താലൂക്കുകളിൽ ചില ഷാപ്പുകൾ നിരോധിതമേഖലയിലാണോ എന്നു പരിശോധിച്ചുകൊണ്ട് ദൂരപരിധിനിർണ്ണയദിനം ആചരിച്ചു.

## 8. ചാരായം നിരോധിക്കണം

മദ്യനിരോധനപ്രക്ഷോഭണത്തിനു മറ്റൊരു മാനം നൽകിക്കൊണ്ട് 4-12-1993-ൽ കൂടിയ സംസ്ഥാന നിർവ്വാഹകസമിതി 1994 മുതൽ ആദ്യഘട്ടമെന്ന നിലയിൽ ചാരായമെങ്കിലും നിരോധിക്കണം എന്ന ആവശ്യം ഉന്നയിച്ചു. 4-1-1994 -ൽ മൂവാറ്റുപുഴയിൽ പ്രൊഫ. എം. പി. മന്മഥന്റെ അദ്ധ്യക്ഷതയിൽ കൂടിയ സംസ്ഥാനഭാരവാഹികൾ ജില്ലാ ഭാരവാഹികൾ എന്നിവരുടെ യോഗം ഈ ആവശ്യത്തെ മുൻനിർത്തി സമരം ആരംഭിക്കുവാൻ നിശ്ചയിച്ചു. നിയമസഭ തുടങ്ങുന്ന ജനുവരി 21 മുതൽ ഫെബ്രുവരി 16 വരെ നടന്ന ഈ യജ്ഞം ജില്ലകളിലേക്ക് വ്യാപിപ്പിക്കാൻ വേണ്ടിയാണ് നിർത്തിവെച്ചത്. തലസ്ഥാനത്തെ ഉപവാസയജ്ഞം ഓരോ ദിവസവും ഓരോ ജില്ലാസമിതിയുടെ ആഭിമുഖ്യത്തിലാണ് നടന്നത്. അഖിലേന്ത്യാ പ്രസിഡന്റ് ഷെർസിങ്ങ് യജ്ഞം ഉൽഘാടനം ചെയ്തു. പ്രൊഫ.ജി. കുമാരപിള്ള ഉൽഘാടനയോഗത്തിൽ അദ്ധ്യക്ഷനായിരുന്നു. ബാക്കി ദിവസത്തെ പരിപാടികൾക്ക് ജനറൽ സെക്രട്ടറി ജയപ്രകാശ് നാരായണൻ, സെക്രട്ടറി മാത്യൂ എം. കണ്ടത്തിൽ തുടങ്ങിയവർ മേൽനോട്ടം വഹിച്ചു. ഓരോ ജില്ലയിലും നിയമാനുസൃതമായ ഒരു ഷാപ്പിനുമുൻപിൽ 1994 ഏപ്രിൽ 1 മുതൽ സമരം എന്ന പരിപാടി പല ജില്ലകളിലും ആവേശപൂർവ്വം നടപ്പായി. ഇവയുടെയെല്ലാം വിവരണം നൽകാൻ പ്രായോഗികമായ ബുദ്ധിമുട്ടുകളുണ്ട്. ഇക്കാലത്തു ജനങ്ങൾ സ്വമേധയാ മുന്നോട്ടുവന്ന് നൂറു നൂറ്റമ്പതു സ്ഥലങ്ങളിൽ ചാരായഷാപ്പുകൾക്കെതിരെ സമരം നടത്തുവാൻ തുടങ്ങി.

## 9. എം.പി. മന്മഥന്റെ ചരമം

കേരളമദ്യനിരോധനസമിതിയുടെ എല്ലാമായിരുന്നു മന്മഥൻസാർ 1994 ആഗസ്റ്റ് 15–ാം തീയതി നിര്യാതനായതോടെ സമിതിയുടെ കഥ കഴിഞ്ഞു എന്ന് ശത്രുക്കൽ ആഹ്ലാദിച്ചു, മിത്രങ്ങൾ വ്യസനിച്ചു. പക്ഷേ അഗാധമായി ദുഃഖിച്ചെങ്കിലും സമിതി പതറിയില്ല.

## 10. രണ്ടാം ഹജൂർ സത്യാഗ്രഹം

21–12– 1994–ൽ കൂടിയ സംസ്ഥാനസമിതി ഒരു സംസ്ഥാനതല സത്യാഗ്രഹം അനിവാര്യമാണെന്ന നിഗമനത്തിൽ എത്തിച്ചേരുകയും പ്രൊഫ. ജി. കുമാരപിള്ള 1995 ജനുവരി 30–ാം തിയ്യതി തിരുവനന്തപുരം സെക്രട്ടേറിയറ്റ് നടയിൽ ഉപവാസം ആരംഭിക്കണം എന്നു തീരുമാനിക്കുകയും ചെയ്തു. ഘട്ടം ഘട്ടമായി മദ്യനിരോധനം നടപ്പാക്കുമെന്ന പ്രകടനപത്രികയിലെ വാഗ്ദാനം നടപ്പിലാക്കാൻ അധികാരത്തിലേറി മൂന്നര വർഷം കഴിഞ്ഞിട്ടും ഐക്യജനാധിപത്യമുന്നണി സർക്കാർ കാര്യമായി ഒന്നും ചെയ്യാത്തതിൽ യോഗം അമർഷം രേഖപ്പെടുത്തി. ജനുവരി 7–ാം തിയ്യതി മുഖ്യമന്ത്രിക്കു നൽകിയ നിവേദനത്തിൽ സമ്പൂർണ്ണ മദ്യനിരോധനം ഉടനടി പ്രഖ്യാപിക്കണമെന്നും ആദ്യഘട്ടമായി ചാരായമെങ്കിലും നിരോധിച്ചുകൊണ്ടുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു. ഇതോടൊപ്പം ഭരണകക്ഷി എം. എൽ. എ. മാർക്ക് ഇതേ ആവശ്യം ഉന്നയിച്ചു വോട്ടർമാരുടെ നിവേദനം നിയോജകമണ്ഡലം തോറും സംഘടിപ്പിക്കാനും നിശ്ചയിച്ചു. മുഖ്യമന്ത്രിക്കു നൽകിയ നിവേദനത്തിനു മറുപടി ലഭിക്കായ്കയാൽ ജനുവരി 30–ാം തിയ്യതി കാലത്തു പ്രൊഫ. ജി. കുമാരപിള്ള അനിശ്ചിതകാല ഉപവാസം ആരംഭിച്ചു. 1–2–1995ൽ കൂടിയ മന്ത്രിസഭ സമ്പൂർണ്ണമദ്യനിരോധനം സർക്കാർ അംഗീകരിച്ചതായി പ്രഖ്യാപിക്കുകയും ആദ്യപടിയായി പുതിയ ചാരായഷാപ്പുകൾ അനുവദിക്കുകയില്ലെന്നും ഏപ്രിൽ 1 മുതൽ ചാരായഷാപ്പുകളുടെ എണ്ണം കറച്ചുകൊണ്ടു വരുമെന്നും തീരുമാനിക്കുകയും ചെയ്തു. ഇതിന്റെ വെളിച്ചത്തിൽ പ്രത്യേകിച്ചും മന്ത്രിസഭയുടെ ഭാവിയേപ്പറ്റി മറ്റു വിധത്തിൽ ആശങ്ക ഉണ്ടായ സാഹചര്യത്തിൽ, 2–ാം തിയ്യതി ഉച്ചയ്ക്കു മുൻപ് ഉപവാസം അവസാനിപ്പിച്ചു.

## 11. ഏ. കെ. ആന്റണി

അനധികൃത ഷാപ്പുകൾക്കെതിരെ കർശനനടപടികൾ ആരംഭിച്ചു. പക്ഷേ ചാരായഷാപ്പിന്റെ എണ്ണം 50 ശതമാനം കുറവുചെയ്യും എന്നായിരുന്നു ധാരണ എങ്കിലും പുതിയ മദ്യനയത്തിൽ 10 ശതമാനം കുറവുചെയ്യാനുള്ള നിർദ്ദേശമേ ഉൾപ്പെടുത്തിയുള്ളു. ഈ ഘട്ടത്തിൽ 16-3-1995 ൽ കെ. കരുണാകരൻ മുഖ്യമന്ത്രി സ്ഥാനം രാജിവെയ്ക്കുകയും ഏ. കെ. ആന്റണിയുടെ നേതൃത്വത്തിൽ 22-3-1995 നു പുതിയ ഐക്യജനാധിപത്യമുന്നണി മന്ത്രിസഭ അധികാരത്തിൽ വരുകയും ചെയ്തു. കേരളത്തിലെ രാഷ്ട്രീയനേതാക്കളിൽ കേരള മദ്യനിരോധനസമിതിയോട് ഏറ്റവും കൂടുതൽ അടുപ്പമുള്ളത് ഏ. കെ ആന്റണിക്ക് ആയതുകൊണ്ട് ഇതു സമിതിയെ സന്തോഷിപ്പിച്ചു. കഴിഞ്ഞ മന്ത്രിസഭ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുമെന്നു പുതിയ മന്ത്രിസഭ പ്രഖ്യാപിച്ചു ജൂൺ 1 മുതൽ എല്ലാ അനധികൃതഷാപ്പുകളും പൂട്ടുവാനുള്ള കർശനനടപടി എടുക്കുമെന്നുള്ള തീരുമാനവും അവർ ജനങ്ങളെ അറിയിച്ചു. 7-7-1995-ൽ കേരള മദ്യനിരോധനസമിതിയുടെ ഒരു പ്രതിനിധി സംഘം മുഖ്യമന്ത്രിയേയും എക്സൈസ് മന്ത്രി പന്തളം സുധാകരനേയും കാണുകയും ക്രിയാത്മകമായ എല്ലാ നടപടികൾക്കും സഹകരണം വാഗ്ദാനം ചെയ്തുകൊണ്ടും ചെയ്യാനുള്ള അടിയന്തിരസംഗതികൾ ക്രോഡീകരിച്ചുകൊണ്ടും ഒരു നിവേദനം സമർപ്പിക്കുകയും ചെയ്തു.

## 12. പഞ്ചായത്തു തെരഞ്ഞെടുപ്പ്

ഈ സന്ദർഭത്തിലാണ് പഞ്ചായത്തു തെരഞ്ഞെടുപ്പുകൾ വന്നത്. സെപ്തംബർ 23, 25 എന്നീ തിയതീകളിൽ നടക്കുന്ന തെരഞ്ഞെടുപ്പിൽ മദ്യനിരോധനത്തെ എതിർക്കുന്ന സ്ഥാനാർത്ഥികളെ തോൽപ്പിക്കുവാനും മദ്യനിരോധനത്തിന്റെ സുഹൃത്തുക്കളെ ജയിപ്പിക്കുവാനും സമിതി ആഹ്വാനം ചെയ്തു. കൂടാതെ ഒക്ടോബറിൽ രൂപീകൃതമാകുന്ന പഞ്ചായത്തുസമിതികളെ അവരവരുടെ മേഖലകളിൽ മദ്യനിരോധനം ഏർപ്പെടുത്തുവാൻ പ്രേരിപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു. കാരണം പുതിയ പഞ്ചായത്തുനിയമമനുസരിച്ച് പ്രാദേശികസ്വയംഭരണസ്ഥാപനങ്ങൾക്ക് ഈ അധികാരം കൈവന്നിരുന്നു. ഈ വഴിക്കു കുറെ പ്രവർത്തനം

നടക്കുകയും ചെയ്തു. ഫാ. ജോർജ്ജ് വെള്ളാരംകുന്നേൽ (പ്രസിഡന്റ്) മാത്യു കുന്നത്തൂർ (സെക്രട്ടറി) എന്നിവരുടെ നേതൃത്വത്തിലുള്ള ഇടു ക്കി ജില്ലാ സമിതിയുടെ പ്രവർത്തനം എടുത്തു പറയണം.

## 13. സംസ്ഥാനജാഥ

26–8–1995 –ൽ കൂടിയ സംസ്ഥാനനിർവാഹകസമിതി ചാരായനി രോധനത്തിന് അനുകൂലമായി പൊതുജനാഭിപ്രായം സംഘടിപ്പിക്കാൻ ഒരു സംസ്ഥാനജാഥ നടത്തണമെന്നു തീരുമാനിച്ചു. എക്സൈസ് റേഞ്ച് ആപ്പീസുകളുടെ ആസ്ഥാനങ്ങളെ സ്പർശിച്ചുകൊണ്ടുള്ള ജാഥയാണ് വിഭാവനം ചെയ്തത്. നൂറുകണക്കിനു പ്രത്യക്ഷസമരങ്ങൾ നടന്നുകൊ ണ്ടിരിക്കുന്ന കാലമാകയാൽ പരമാവധി സമരവേദികളും സന്ദർശിക്ക ണമെന്നും തീരുമാനിച്ചു. ഒക്ടോബർ 2–ാം തീയതി കാസർഗോഡു നിന്ന് പ്രസിഡന്റ് പ്രൊഫ. ജി. കുമാരപിള്ള, ജനറൽ സെക്രട്ടറി ജയപ്രകാശ് നാരായണൻ, സെക്രട്ടറി മാത്യു എം. കണ്ടത്തിൽ എന്നിവരുടെ നേതൃ ത്വത്തിൽ പുറപ്പെട്ട ജാഥ ഓരോ ജില്ലയിലും ശരാശരി രണ്ടു ദിവസം ചെലവഴിച്ചു. പാലക്കാട്ടു ജില്ലയിൽ ആദിവാസി പ്രദേശമായ അട്ടപ്പാടി ക്കു മാത്രം ഒരു ദിവസം നീക്കിവെച്ചു. പിന്നീട് നവംബർ 14, 15 എന്നീ തീയതികളിൽ പ്രസിഡണ്ടും ജനറൽ സെക്രട്ടറിയും ജില്ലാ പ്രസിഡണ്ട് ഫാ. പ്ലാസിഡ്, സെക്രട്ടറി പി.ഏ. ജയിംസ് എന്നിവരോടൊപ്പം വയനാ ട്ടിൽ പ്രത്യേകമായി വിപുലമായ പര്യടനം നടത്തി. എല്ലാ സ്ഥലങ്ങളി ലും പൊതുയോഗങ്ങളും 8 ജില്ലാ ആസ്ഥാനങ്ങളിൽ പത്രസമ്മേളനവും നടത്തി. 'മദ്യത്തിനെതിരെ അന്തിമസമരത്തിനു തയ്യാറെടുക്കുക' എന്ന ലഘുലേഖയുടെ 50000 പ്രതികൾ സൗജന്യമായി വിതരണം ചെയ്തു. കേരളപ്പിറവി ദിനമായ നവംബർ 1–ാം തീയതി തിരുവനന്തപുരത്ത് ജാഥ ആവസാനിച്ചു. സമാപനപരിപാടിയിൽ 3000 സ്ത്രീ–പുരുഷന്മാർ അട ങ്ങിയ റാലിയും സെക്രട്ടറിയേറ്റ് നടയിൽ ധർണ്ണയും മുഖ്യമന്ത്രിക്കു നിവേദനസമർപ്പണവും ഉൾപ്പെട്ടു.

## 13. ചാരായം നിരോധിക്കുന്നു.

അന്നു വൈകുന്നേരം കൂടിയ ഭരണകക്ഷിയുടെ ഏകോപനസമിതി ചാരായം നിരോധിക്കുവാൻ സർക്കാരിലേക്കു ശുപാർശ ചെയ്തു എന്ന

വാർത്ത ശുഭോദർക്കമായി. ജാഥ അവസാനിച്ച് ഏതാനും മണിക്കൂറിനുള്ളിൽ ഈ വാർത്ത വന്നത് സമിതിക്ക് ഒരു ധാർമ്മികവിജയമായി. പക്ഷേ സമിതി ഒട്ടും അലംഭാവം കൊണ്ടില്ല. സ്ഥാപിത താൽപര്യക്കാരുടെ കഠിനമായ എതിർപ്പിനെ അവഗണിച്ച് മന്ത്രിസഭ മേൽപറഞ്ഞ ശുപാർശ അംഗീകരിക്കുകയും 1996 ഏപ്രിൽ 1 മുതൽ സംസ്ഥാനത്തു ചാരായം സമ്പൂർണ്ണമായി നിരോധിക്കുമെന്ന് 30-11-1995-ൽ ചേർന്ന മന്ത്രിസഭായോഗം തീരുമാനിക്കുകയും ചെയ്തു.

ചാരായനിരോധനത്തെ ഒരു ധീരമായ തീരുമാനനായി പത്രങ്ങളും മദ്യവിരുദ്ധസംഘടനകളും വ്യക്തികളും വാഴ്ത്തി. അതിനെ ഒരു സുവർണ്ണരേഖയായി ഞങ്ങളുടെ ഒരു പഴയ പ്രവർത്തകൻ വർണ്ണിച്ചു. കേരള മദ്യനിരോധനസമിതി മന്ത്രിസഭയെ പൊതുവിലും മുഖ്യമന്ത്രി ഏ. കെ. ആന്റണിയെ പ്രത്യേകമായും അഭിനന്ദിച്ചു. പക്ഷേ ഇത് സമ്പൂർണ്ണ മദ്യനിരോധനത്തിന്റെ ഒരു ഘട്ടം മാത്രമാണെന്ന് എല്ലാവരേയും ഓർമ്മിപ്പിക്കുകയും ഇതു ഫലപ്രദമായി നടപ്പിലാക്കുന്നതിലുള്ള ബുദ്ധിമുട്ടുകളേപ്പറ്റി എല്ലാവർക്കും മുന്നറിയിപ്പു നൽകുകയും ചെയ്തു.

അങ്ങനെ കേരളത്തിലെ ചാരായഷാപ്പുകൾ അടഞ്ഞു. കേരളത്തിലെ മദ്യവിരുദ്ധപ്രസ്ഥാനത്തിൽ ഒരു പുതിയ അദ്ധ്യായം തുറന്നു. ഏപ്രിൽ 1-ാം തീയതി കേരള മദ്യനിരോധനസമിതി പ്രൊഫ.എം.പി. മന്മഥന്റെ സ്വദേശമായ മൂവാറ്റുപുഴയിൽ വെച്ച് ചാരായനിരോധനദിനാചരണം ഗംഭീരമായി നടത്തി. പ്രൊഫ. മന്മഥന്റെ ശവകുടീരത്തിൽ നിന്നുള്ള ദീപശിഖാപ്രയാണം, ആയിരങ്ങൾ പങ്കെടുത്ത റാലി, ടൗൺഹാൾ നിറഞ്ഞുകവിഞ്ഞ സദസ്യർ പങ്കെടുത്ത പൊതുയോഗം എന്നിവയായിരുന്നു മുഖ്യപരിപാടികൾ. ചാരായനിരോധനത്തെ സ്വാഗതം ചെയ്യാനും അതു ഫലപ്രദമാക്കുന്നതിനു ദൃഢനിശ്ചയം ചെയ്യാനും സമ്പൂർണ്ണ മദ്യനിരോധനപ്രതിജ്ഞ പുതുക്കാനും മദ്യനിരോധനപ്രസ്ഥാനത്തിനു പ്രൊഫ. എം.പി. മന്മഥൻ നൽകിയ നിസ്തുലസേവനങ്ങളെ അനുസ്മരിക്കാനും ഉള്ള സമുചിതമായ വേദിയായിരുന്നു ഈ ദിനാചരണം.